# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2257

16.08.2017 - ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ ഒരേ പേരിലെ വനിതാ സഹകരണ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോർജ് എം. തോമസ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്ത് വനിതാ സഹകരണ സംഘത്തിന്റെ പേരും പ്രവർത്തനങ്ങളും തടസ്സപ്പെടുത്തും വിധം അതേ പേരിലും ഉദ്ദേശ്യത്തിലും പ്രവർത്തിക്കുന്ന മറ്റൊരു സംഘത്തിനെതിരെയുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) & (സി) അടുത്തടുത്ത കെട്ടിടങ്ങളിൽ സമാന പേരും സ്വഭാവവുമുള്ള സംഘങ്ങൾ പ്രവർത്തിക്കുന്നത് സഹകരണ മേഖലയിൽ അനാരോഗ്യകരമായ പ്രവണതകൾ സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതിനും പേരിൽ സാമ്യതയുള്ള പുതുതായി രൂപീകരിച്ച സംഘത്തിന്റെ ആസ്ഥാനം മാറ്റുന്നതിനും സംഘം പ്രസിഡന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പേരിൽ സാമ്യതയുള്ള പുതുതായി രൂപീകരിച്ച സംഘത്തിന്റെ ആസ്ഥാനം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ